ലേഖനം ● ഡോ. തൗഫീഖുൽ വാഈ

# ഇഖ്‌വാനും തെരഞ്ഞെടുപ്പ് രാഷ്ട്രീയവും സലഫികളും

**ഇസ്‌ലാമിനെതിരെ ശത്രുക്കൾ അനേകായിരം പുസ്തകങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്. ഇവക്കെതിരെ ക്രിയാത്മകമായി ഇടപെടാത്ത പണ്ഡിതന്മാരും സംഘടനകളും ഇസ്‌ലാമിനെ സമഗ്രതയോടെ ലോകത്ത് ഉയർത്തിപ്പിടിച്ച ഇഖ്‌വാനെതിരെ രണാരവം മുഴക്കുകയാണ്. ഇതിലൊന്നാണ് ഇഖ്‌വാന്റെ പാർലമെന്റ് പ്രവേശവുമായി ബന്ധപ്പെട്ട ആരോപണം.**

**ദീനീവിജ്ഞാനത്തിൽനിന്ന്** ഒരു അധ്യായം പോലും വായിക്കാതെ, അതിലെ ഏതെങ്കിലും വിഷയത്തെപ്പറ്റി ഒരു പേജ് പോലും പഠിക്കാതെ ചിലയാളുകൾ അറിവിന്റെ ഉറവും സുന്നത്തിന്റെ കാവൽക്കാരുമായി നടക്കുന്നതു കാണുമ്പോൾ സത്യമായും നാം ഞെട്ടുകയാണ്. എങ്ങനെ ഞെട്ടാതിരിക്കും? ഫത്‌വകൾ നിറച്ച തലകളുമായല്ലേ നടപ്പ്! സലഫും ഖലഫും നമുക്ക് വിധേയം. ഹലാലിന്റെയും ഹറാമിന്റെയും കവാടം നാം തന്നെ. എത്താനുള്ള വഴിയും സ്വീകാര്യതയുടെ താക്കോലും നമ്മുടെ കൈവശം ഭദ്രം. എല്ലാം സ്വന്തംനിലയിൽ ഇജ്തിഹാദ് ചെയ്ത് ഞങ്ങൾ 'കണ്ടെത്തിക്കളയും'!. അബൂഹനീഫയും ശാഫിഈയും മാലികും അഹ്‌മദുമെല്ലാം അവരവരുടെ കാലത്തെ ഇമാമുകളായിരുന്നു. ഇന്നത്തെ ഇമാമുകൾ നാംതന്നെ. ഞങ്ങൾ ആരെയും തഖ്‌ലീദ് ചെയ്യാറില്ല. അതുകൊണ്ട് ആരും ആരെയും തഖ്‌ലീദ് ചെയ്യരുത്. ഇങ്ങനെ ഓരോരോ വാദങ്ങൾ.

കഴിഞ്ഞ എഴുപതു വർഷമായി ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ സൈദ്ധാന്തിക അടിത്തറ ചോദ്യം ചെയ്യാൻ ഇന്നുവരെ ഒരു പണ്ഡിതനും കഴിഞ്ഞിട്ടില്ല. പക്ഷേ, നമ്മുടെ ചില പണ്ഡിതന്മാർ ഇഖ്‌വാനെതിരെ തീരെ നീതീകരിക്കാനാവാത്ത അസത്യങ്ങൾ എഴുന്നള്ളിച്ചുകൊണ്ടേയിരിക്കുന്നു. ഇസ്‌ലാമിനെതിരെ ശത്രുക്കൾ അനേകായിരം പുസ്തകങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്. ഇവക്കെതിരെ ക്രിയാത്മകമായി ഇടപെടാത്ത പണ്ഡിതന്മാരും സംഘടനകളും ഇസ്‌ലാമിനെ സമഗ്രതയോടെ ലോകത്ത് ഉയർത്തിപ്പിടിച്ച ഇഖ്‌വാനെതിരെ രണാരവം മുഴക്കുകയാണ്. ഇതിലൊന്നാണ് ഇഖ്‌വാന്റെ പാർലമെന്റ് പ്രവേശവുമായി ബന്ധപ്പെട്ട ആരോപണം.

പാശ്ചാത്യരുടെ സാംസ്കാരികയുദ്ധവും അവരുടെ സ്വാധീനവും കാരണമായി പല മുസ്‌ലിം സംഘടനകളും ഈ സാംസ്കാരിക യുദ്ധത്തിനെതിര് നിന്നവരെ തെറ്റിദ്ധരിക്കുകയാണ്. ഇസ്‌ലാമിൽ രാഷ്ട്രീയമില്ല, രാഷ്ട്രീയത്തിൽ മതമില്ല, യഥാർഥ ഇസ്‌ലാമിന് രാഷ്ട്രീയമാവാൻ കഴിയില്ല എന്നൊക്കെ വാദിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയമില്ലാത്ത ഇസ്‌ലാം, ബുദ്ധമതത്തെയും ക്രൈസ്തവതയെയും പോലെ കേവലം ആത്മീയമതമായി മാറും.

ഇസ്‌ലാം രാഷ്ട്രവും ദേശവും, ഗവൺമെന്റും സമുദായവും, സ്വഭാവവും ശക്തിയും, കാരുണ്യവും നീതിയും, സംസ്കാരവും നിയമവും, വിദ്യയും വിധിയും, ഭൗതികതയും സമ്പത്തും, സമ്പാദനവും ഐശ്വര്യവും, ജിഹാദും ചിന്തയും, ആദർശവും ഇബാദത്തും എല്ലാമെല്ലാമാണ്. ഖുർആനും നബിചര്യയും വിവിധ കർമശാസ്ത്ര ഗ്രന്ഥങ്ങളും ഇത് സ്ഥാപിക്കുന്നു. ഇസ്‌ലാമിൽ രണ്ട് യജമാനന്മാരില്ല. 'ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും' എന്ന വിഭജനം ഏതായാലും ഇസ്‌ലാമിന്റേതല്ല. ഇസ്‌ലാമിക ആദർശമനുസരിച്ച് മുസ്‌ലിമിന്റെ വ്യക്തിത്വം രാഷ്ട്രീയത്തിൽനിന്ന് വേറിട്ട ഒന്നല്ല. ഇസ്‌ലാമിനെ ശരിയായി മനസ്സിലാക്കിയ ആൾ രാഷ്ട്രീയമായി ഉദ്ബുദ്ധനായിരിക്കും. ഇസ്‌ലാമിക ശരീഅത്താവണം സമൂഹത്തെ ഭരിക്കേണ്ടതെന്ന് അയാൾ സ്വാഭാവികമായും ആഗ്രഹിക്കും. അത് സാധ്യമാകണമെങ്കിൽ തിന്മകളോട് പൊരുതുകയും നീതി സ്ഥാപിക്കുകയും ചെയ്യുന്ന രാഷ്ട്രവും നേതൃത്വവും കൂടിയേ കഴിയൂ. 'മുസ്‌ലിംകളുടെ പ്രശ്നങ്ങൾ ഗൗരവത്തിലെടുക്കാത്തവർ അവരിൽ പെട്ടവരല്ല, അല്ലാഹുവിനോടും ദൂതനോടും മുസ്‌ലിം നേതൃത്വത്തോടും പൊതുജനത്തോടും ഗുണകാംക്ഷ പുലർത്താത്തവർ അവരിൽ പെട്ടവരല്ല. ഏതെങ്കിലും പ്രദേശത്ത് ഒരാൾ പട്ടിണിക്കിരയായാൽ അവരിൽനിന്ന് അല്ലാഹുവിന്റെയും ദൂതന്റെയും ഉത്തരവാദിത്വം ഒഴിഞ്ഞു' (ത്വബറാനി).

പതിനാല് നൂറ്റാണ്ടുകാലം ഇസ്‌ലാമികരാഷ്ട്രം ഏറിയോ കുറഞ്ഞോ അളവിൽ നിലനിന്നിട്ടുണ്ട്. രാഷ്ട്രീയത്തിന് അതിന്റേതായ സ്ഥാനവും പ്രാധാന്യവുമുണ്ട്. സിദ്ധാന്തം എന്ന നിലയിൽ അത് സുപ്രധാനമാണ്. തൊഴിലെന്ന നിലയിൽ രാഷ്ട്രീയത്തിന് അതിന്റേതായ മാന്യതയുണ്ട്. സാധ്യമാവുന്നതിന്റെ പരമാവധി ഭംഗിയിൽ സകല സൃഷ്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുകയാണ് അതിന്റെ ലക്ഷ്യം. പ്രമുഖ ഹമ്പലി പണ്ഡിതനായ അബുൽ വഫാഅ് ഇബ്നു ഉഖൈലിനെ ഉദ്ധരിച്ച് ഇബ്നുൽ ഖയ്യിം എഴുതുന്നു: "രാഷ്ട്രീയം ഇസ്‌ലാമിക ശരീഅത്തിനോട് വിരുദ്ധമാകാത്തേടത്തോളം നന്മയോട് അടുത്തിരിക്കും, ദോഷങ്ങളിൽനിന്ന് അകന്നിരിക്കും." "നീതിപൂർവകമായ രാഷ്ട്രീയം ശരീഅത്തിന് വിരുദ്ധമാവില്ല. എന്നല്ല, അത് ശരീഅത്തിന് അനുരോധമായിരിക്കും, അതിന്റെ ഭാഗമായിരിക്കും. നിങ്ങൾ ഉപയോഗിക്കുന്ന രാഷ്ട്രീയം എന്ന വാക്ക് തന്നെയാണ് നാം ഉപയോഗിക്കുന്നതെങ്കിലും യഥാർഥത്തിൽ അത് അല്ലാഹുവിന്റെയും പ്രവാചകന്റെയും നീതിയാണ്" (*അത്ത്വുറുഖുൽ ഹികമിയ്യ ഫിസ്സിയാസത്തിശ്ശർഇയ്യ*-പേജ് 13).

രാഷ്ട്രീയത്തിന്റെ മൂല്യത്തെയും പ്രാധാന്യത്തെയും കുറിച്ച് നമ്മുടെ പണ്ഡിതന്മാർ എന്നും ദത്തശ്രദ്ധരായിരുന്നു. ഇമാം ഗസ്സാലി പറയുന്നു: "ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്. ഇഹലോകത്തിലൂടെയല്ലാതെ ദീൻ പൂർത്തിയാവില്ല. അധികാരവും ദീനും ഇരട്ടകളാണ്. ദീൻ അടിസ്ഥാനമാണ്. ഭരണാധികാരി കാവൽക്കാരനാണ്. അടിത്തറ ഇല്ലാത്തത് തകർന്നുപോവും. കാവൽക്കാരനില്ലാത്തത് പാഴാവും" (*ഇഹ്‌യാ ഉലൂമിദ്ദീൻ* 1/17). "ഇമാമത്ത്, ഖിലാഫത്ത് എന്നതിന്റെ വിവക്ഷ, ദീനിന്റെ കാവലിനും ദുൻയാവിന്റെ ഭരണത്തിനും നബി(സ) ചെയ്തിരുന്ന പ്രവൃത്തികൾക്ക് നേതൃപരമായ പങ്കാളിത്തംവഹിക്കുക എന്നാകുന്നു" (*അന്നള്‌രിയ്യാത്തുസ്സിയാസിയ്യ അൽ ഇസ്‌ലാമിയ്യ*, ഡോ. ദിയാഉദ്ദീൻ അർരീസ്, പേജ് 125).

പ്രബോധകനും അധ്യാപകനും ന്യായാധിപനും മറ്റു പലതുമായിരുന്ന നബി(സ) രാഷ്ട്രീയക്കാരനുമായിരുന്നു. അദ്ദേഹത്തിന്റെ വിയോഗാനന്തരം ഖലീഫമാരും അദ്ദേഹത്തിന്റെ മാതൃകയിൽ ഭരണാധികാരികളായി. ഇതെല്ലാം കഴിഞ്ഞകാല വസ്തുതകൾ. പക്ഷേ ആധുനികകാലത്ത് വിശിഷ്യാ, സാമ്രാജ്യത്വവും വഞ്ചനാരാഷ്ട്രീയവും സ്വേഛാധിപത്യവും രാഷ്ട്രീയത്തെ ദുരുപയോഗിച്ചപ്പോൾ ജനങ്ങൾക്ക് രാഷ്ട്രീയത്തോട് വെറുപ്പായി. രാഷ്ട്രീയത്തിന്റെ കുതന്ത്രങ്ങളിൽ മനംമടുത്ത ശൈഖ് മുഹമ്മദ് അബ്ദുവിന്റെ പ്രസിദ്ധമായ വാക്കുകൾ എത്ര അന്വർഥം! "ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു രാഷ്ട്രീയത്തിൽനിന്ന്, മുമ്പ് ഭരിച്ചവരിൽനിന്ന്, ഇപ്പോൾ ഭരിക്കുന്നവരിൽനിന്ന്, ഭരണീയരിൽനിന്ന്."

തക്കതായ കാരണങ്ങളാൽ ഇന്നു കാണുന്ന തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തോട് ജനങ്ങൾക്കുണ്ടായ വെറുപ്പ് മുതലെടുത്ത പ്രതിയോഗികൾ, ഇസ്‌ലാമിസ്റ്റുകൾ പ്രബോധനം ചെയ്യുന്ന ഇസ്‌ലാമിനെ രാഷ്ട്രീയ ഇസ്‌ലാം എന്നു പരിഹസിച്ചു! സാമ്പ്രദായിക മുസ്‌ലിമിൽനിന്ന് ഭിന്നമായി ആദർശവ്യക്തിത്വം പുലർത്തുന്ന മുസ്‌ലിമിനെ 'രാഷ്ട്രീയക്കാരൻ' എന്ന് വിളിച്ച് അധിക്ഷേപിക്കുന്നു.

മൊറോക്കോവിലെ ഏതാനും മുസ്‌ലിം യുവതികൾ, ഹിജാബ് ധരിക്കുന്നതിനെതിരെ ചിലർ ഉയർത്തുന്ന പ്രതിഷേധങ്ങളെക്കുറിച്ച് ഒരേസമയം മതപരവും രാഷ്ട്രീയവുമായ പദവികൾ അലങ്കരിക്കുന്ന ഉത്തരവാദപ്പെട്ട വ്യക്തിയോട് സംസാരിച്ചപ്പോൾ അയാളുടെ മറുപടി വിചിത്രമായിരുന്നു: "നിങ്ങൾ ധരിക്കുന്ന ഈ വേഷം മതപരമായ ഹിജാബ് മാത്രമല്ല, രാഷ്ട്രീയമായ ഹിജാബ് കൂടിയാണ്." ഹിജാബിനെപറ്റി തുനീഷ്യയിലെ ഒരു പ്രമുഖ സെക്യുലരിസ്റ്റ് പ്രതികരിച്ചത് ഹിജാബ് വർഗീയ വേഷമാണെന്നായിരുന്നു! ഈദ്ഗാഹിലെ പെരുന്നാൾ നമസ്കാരത്തെക്കുറിച്ച് മറ്റൊരാൾ പറഞ്ഞത്, അത് സുന്നത്ത് നമസ്കാരമല്ല, രാഷ്ട്രീയ നമസ്കാരമാണ് എന്നായിരുന്നു. റമദാനിലെ അവസാനത്തെ പത്തു നാളുകളിലെ ഇഅ്തികാഫ് രാഷ്ട്രീയ ഇഅ്തികാഫ്! ഇബ്നു ഹിശാമിന്റെ നബിചരിത്രവും ബുഖാരിയിലെ യുദ്ധചരിത്രവും വായിക്കുന്നത് രാഷ്ട്രീയ വായന! വിശുദ്ധ ഖുർആന്റെ പാരായണം വിശിഷ്യാ ജിഹാദ് പ്രധാനമായ അധ്യായങ്ങൾ വായിക്കുന്നതും പഠിക്കുന്നതും രാഷ്ട്രീയ വായന! എന്തെല്ലാം അബദ്ധ വിലയിരുത്തലുകൾ.

**ഇഖ്‌വാന്റെ രാഷ്ട്രീയ പ്രവേശത്തിനെതിരെ സലഫികൾ നടത്തുന്ന വിമർശനത്തെ ചിന്താപരമായ വികാസത്തിന്റെ ഒരു ഘട്ടമായാണ് ഇഖ്‌വാൻ മനസ്സിലാക്കുന്നത്. എഴുപത് വർഷം മുമ്പ് ഇഖ്‌വാൻ തുടക്കമിട്ടതെന്തോ, അതിലേക്ക് വൈകാതെ സലഫികൾ എത്തുകതന്നെ ചെയ്യും. ഇസ്‌ലാമികരംഗത്ത് പ്രവർത്തിക്കുന്നവർക്ക് അതോടെ ഭാരം കുറയും. സങ്കുചിതമായ ധാരണകളും വന്ധ്യമായ തർക്കങ്ങളും നമുക്ക് ഒരു ഗുണവും ചെയ്യില്ല.**

പാർലമെന്റുകളിലെയും നിയമനിർമാണ സഭകളിലെയും പങ്കാളിത്താവസരങ്ങൾ മുഴുവൻ മതവിരുദ്ധ സെക്യുലരിസ്റ്റുകൾക്ക് വിട്ടുകൊടുത്ത് മതത്തിന്റെ ആളുകൾ ഉൾവലിയണമെന്ന് പറയുന്നത് വിഡ്ഢിത്തമാണ്. പാർലമെന്റിനകത്ത് നാം ഉത്തമരായ പകരക്കാരാവുകയാണ് ഇന്നത്തെ ആവശ്യം. ഇഖ്‌വാന്റെ പാർലമെന്റ് പ്രവേശനത്തെ ആക്ഷേപിക്കുന്നവർ വിഷയത്തിന്റെ നാനാ വശങ്ങൾ പരിശോധിക്കാത്തവരാണ്.

## സലഫികളും ചരിത്രവും

ഇഖ്‌വാൻ രാഷ്ട്രീയത്തിലേക്ക് കടക്കാതിരിക്കാൻ ഭരണകൂടം കരിനിയമങ്ങൾ കൊണ്ടുവന്നപ്പോൾ, ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂൻ ചില കക്ഷികളുമായി സഖ്യത്തിലേർപ്പെട്ടു. ഉടൻ വന്നു ആക്ഷേപം, ഇഖ്‌വാന്റെ സഖ്യകക്ഷികൾ ദേശീയവാദികളാണ്, ഇസ്‌ലാമിസ്റ്റുകളല്ല എന്ന്.

എന്തൊരത്ഭുതം! മർദിതരെ സഹായിക്കാനായി ജാഹിലിയ്യാ കാലത്ത് നബി(സ) പങ്കാളിത്തം വഹിച്ച 'ഹൽഫുൽഫുദൂൽ' നമുക്ക് മാതൃകയല്ലേ? സത്യത്തിന്റെ മാർഗത്തിൽ നമ്മളോട് സഖ്യത്തിലേർപ്പെടുന്നവരെ നാം നിരാകരിക്കുകയാണോ വേണ്ടത്? ബഹുദൈവവിശ്വാസികളായ ഖുസാഅ ഗോത്രം ഹുദൈബിയ സന്ധിയിൽ നബി(സ)യുടെ കക്ഷിയായില്ലേ? ഹജ്ജ് കാലത്ത്, എന്നെ സംരക്ഷിക്കാൻ ആരുണ്ട്, അല്ലാഹുവിന്റെ പ്രബോധനം എത്തിക്കാൻ എന്നെ പിന്തുണക്കുന്ന ആരുണ്ട് എന്ന് അന്വേഷിച്ചു നടന്ന നബി(സ), ഒടുവിൽ മുത്ഇമുബ്നു അദിയ്യിന്റെ സംരക്ഷണത്തിൽ മക്കയിൽ പ്രവേശിച്ചത് തെറ്റാണെന്നു പറ

യാൻ കഴിയുമോ?

ഈ ആക്ഷേപമുന്നയിക്കുന്നവരിൽ പ്രമുഖ സ്ഥാനത്തുള്ള സലഫി പ്രസ്ഥാനം തങ്ങൾ സ്വീകരിച്ച ലൈൻ മറന്നു കൊണ്ട് ഇഖ്‌വാനെതിരെ ആക്ഷേപങ്ങളും ആരോപണങ്ങളുമായി രംഗത്തുവന്നിരിക്കുകയാണ്. ഇത് സത്യസന്ധമല്ല.

സലഫി പ്രസ്ഥാനങ്ങൾ രാഷ്ട്രീയ ജീവിതത്തിൽ അതിന്റെ പങ്കാളിത്ത പ്രാധാന്യം മനസ്സിലാക്കിത്തന്നെ ഇടപെട്ടിട്ടുണ്ട്. പാർലമെന്റിലും മന്ത്രിസഭയിലും അവർ അംഗങ്ങളായി. സെക്യുലരിസത്തിനെതിരെ തങ്ങളുടേതായ നിലപാടുകളെടുത്തു. പിന്നെ, ഇഖ്‌വാൻ രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെ അവർ തടയാൻ നോക്കുന്നതിൽ എന്തു ന്യായം? കുവൈത്തിലെ സലഫി പ്രസ്ഥാനം തങ്ങളുടെ രാഷ്ട്രീയ നിലപാടുകൾ വിശദീകരിച്ചുകൊണ്ട് നടത്തിയ പ്രഖ്യാപനം കാണുക: "ഏതൊരു സമൂഹത്തിന്റെയും വ്യവസ്ഥ ശരിയാംവണ്ണം നിലനിൽക്കണമെങ്കിൽ ദൈവികനിയമങ്ങൾ സത്യമായും ശക്തമായും നടപ്പിലാക്കണം. നന്മയിലധിഷ്ഠിതമായ രീതി ഉറപ്പാക്കണം. ഉത്തരവാദിത്വം വിശ്വസ്തമായി നിർവഹിക്കണം. അഭിപ്രായ സുബദ്ധതയുള്ളവരുമായി കൂടിയാലോചിക്കണം. ഇത് നടന്നില്ലെങ്കിൽ സമുദായത്തിന്റെ വ്യവസ്ഥ തകരാറിലാവും. സമൂഹത്തിന് ബലക്ഷയം സംഭവിക്കും. പ്രതിസന്ധികൾ വന്നുപെടും."

കുവൈത്ത് ചില രാഷ്ട്രീയ പ്രതിസന്ധികളിലൂടെ കടന്നുപോയി. അതിനെത്തുടർന്ന് 1999ൽ പ്രതിനിധിസഭ പിരിച്ചുവിടേണ്ടിവന്നു. ഓരോരുത്തരും തങ്ങളുടേതായ വീക്ഷണത്തിൽ പ്രശ്നങ്ങളെ വിലയിരുത്തി. സലഫീ പ്രസ്ഥാനം തെരഞ്ഞെടുപ്പ് നടത്താനും ഭരണഘടനാ പ്രതിസന്ധി ഒഴിവാക്കാനും ആവശ്യപ്പെട്ടതോടൊപ്പം, താഴെ കൊടുത്ത പ്രശ്നങ്ങളിലേക്കുകൂടി കുവൈത്ത് സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി.

1. വ്യക്തിപരമോ വിഭാഗീയമോ വർഗീയമോ മറ്റോ ആയ താൽപര്യങ്ങൾക്കുപകരം സത്യസന്ധമായ പരിഹാരം ആരായുക.

2. പ്രതിനിധിസഭയെ മാത്രം കുറ്റപ്പെടുത്താതെ സമഗ്രമായ പരിഹാരം തേടുക.

3. നിയമനിർമാണസഭയും എക്സിക്യൂട്ടീവും പരസ്പര ധാരണയോടെ പ്രവർത്തിക്കാനും സത്യസന്ധമായ ശ്രമമുണ്ടാകണം.

4. ഭരണാധികാരികളും പൗരന്മാരും തമ്മിൽ നല്ല ബന്ധം വളർത്തിയെടുക്കുക. ബന്ധം വഷളാക്കുന്ന പ്രവർത്തനങ്ങളിൽനിന്നും നടപടികളിൽനിന്നും അകന്നുനിൽക്കുക.

5. ഗവൺമെന്റും രാഷ്ട്രീയശക്തികളും രാജ്യതാൽപര്യങ്ങൾ മുന്നിൽവെച്ച് മുൻഗണനകൾ നിർണയിക്കണം. രാഷ്ട്രീയ സ്ഥിരതയും പൗരന്മാരുടെ നന്മയും അതിനെ ആശ്രയിച്ചാണിരിക്കുന്നത്. നിലവിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും മുൻഗണനാക്രമങ്ങൾ നിശ്ചയിക്കാനും രാഷ്ട്രീയ പാർട്ടികൾ എത്രയും വേഗം ഒരു സമ്മേളനം വിളിച്ചുകൂട്ടണം (കുവൈത്തിലെ *അൽഅൻബാഅ്* ദിനപത്രം, ലക്കം 8248, 05.05.1999).

കുവൈത്തിലെ സലഫി പ്രസ്ഥാനം രാജ്യത്തെ രാഷ്ട്രീയ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ അഭിപ്രായപ്രകടനവും നിലപാടുമാണ് നാം മുകളിൽ കണ്ടത്. സലഫികളുടെ ചിന്താപരവും പ്രാസ്ഥാനികവും രാഷ്ട്രീയവുമായ പുരോഗതിയാണ് അത് വിളിച്ചോതുന്നത്. നമ്മുടെ ദൗർബല്യത്തെ ഇസ്‌ലാമിന്റെ ശത്രുക്കൾ ചൂഷണം ചെയ്തിരുന്ന അവസ്ഥയിൽ നിന്നുള്ള മോചനമായി നമുക്ക് ഇതിനെ കാണാം. സലഫി പ്രസ്ഥാനങ്ങൾ വിദ്യാർഥി-യുവജന-തൊഴിലാളി മേഖലകളിൽ സജീവമായി വരുന്നതും ശുഭോദർക്കമാണ്. നേരത്തെ ഹറാമായി കണ്ടിരുന്ന ഫോട്ടോഎടുക്കൽ ഇപ്പോൾ ഹലാലാക്കിയതും രാഷ്ട്രീയ മാസികകൾ പ്രസിദ്ധീകരിച്ചു തുടങ്ങിയതും നല്ല തുടക്കമായി മനസ്സിലാക്കാം. ഇതൊക്കെയായിട്ടും രാഷ്ട്രീയപ്രവേശത്തിന്റെ പേരിൽ ഇഖ്‌വാനെ എതിർക്കുന്നത് അരോചകമായി തോന്നുന്നു.

ഇഖ്‌വാന്റെ രാഷ്ട്രീയപ്രവേശത്തിനെതിരെ സലഫികൾ നടത്തുന്ന വിമർശനത്തെ ചിന്താപരമായ വികാസത്തിന്റെ ഒരു ഘട്ടമായാണ് ഇഖ്‌വാൻ മനസ്സിലാക്കുന്നത്. എഴുപത് വർഷം മുമ്പ് ഇഖ്‌വാൻ തുടക്കമിട്ടതെന്തോ, അതിലേക്ക് വൈകാതെ സലഫികൾ എത്തുകതന്നെ ചെയ്യും. ഇസ്‌ലാമികരംഗത്ത് പ്രവർത്തിക്കുന്നവർക്ക് അതോടെ ഭാരം കുറയും. സങ്കുചിതമായ ധാരണകളും വന്ധ്യമായ തർക്കങ്ങളും നമുക്ക് ഒരു ഗുണവും ചെയ്യില്ല. ■

(*അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ, ശുബ്ഹാത്ത് വറുദൂദ്* എന്ന കൃതിയിൽനിന്ന്)

**വിവ: അബ്ദുല്ലത്വീഫ് കൊടുവള്ളി**